കാരുണികൻ

Vol.17 No.04 April 2020

സമഗ്രദൈവശാസ്ത്രമാസിക

# വചനബോധി

## സീറോ മലങ്കര

Karunikan Magazine
Perumanoor P.O
Thevara - 682 015
0484- 2663933
www.karunikan.com,
vachanabodhik@gmail.com

# വചനബോധി
## സീറോമലങ്കര


**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ


## ഉള്ളടക്കം


**മെയ് 03**
ഉയിർപ്പിനുശേഷം 3-ാം ഞായർ : 03
ലൂക്കാ 24:13-35
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ

**മെയ് 10**
ഉയിർപ്പിനുശേഷം 4-ാം ഞായർ : 07
ലൂക്കാ 24:36-49
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ലിബിൻ വർഗീസ് oic

**മെയ് 17**
ഉയിർപ്പിനുശേഷം 5-ാം ഞായർ : 11
യോഹ 16:16-24
- ഡോ. പോൾ കുഞ്ഞാനായിൽ mcbs
- ഫാ. ഐസക് അനീഷ് oic

**മെയ് 24**
ഉയിർപ്പിനുശേഷം 6-ാം ഞായർ : 15
യോഹ 16:5-11
- ഡോ. പോൾ കുഞ്ഞാനായിൽ mcbs
- ഫാ. പ്രസാദ് oic

**മെയ് 31**
പെന്തിക്കൊസ്തിപ്പെരുന്നാൾ : 18
യോഹ 14:15-24
- ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
- ഫാ. ഏബ്രഹാം നടുവിലേടം

വചനബോധി
സീറോമലങ്കര

മെയ്
03

# ഉയിർപ്പിനുശേഷം 3–ാം ഞായർ

# ഭാഷ്യം

## ലൂക്കാ 24:13-35

## സന്ദർഭം

യേശുവിന്റെ ഉത്ഥാനത്തിന്റെ ആദ്യസാക്ഷികൾ സ്ത്രീകളായിരുന്നു. മഗ്ദലേനമറിയവും യോവാന്നയും യാക്കോബിന്റെ അമ്മ മറിയവും (24:10). ഒഴിഞ്ഞ കല്ലറകണ്ട് പത്രോസും ഉത്ഥാനവിവരം അറിയുന്നു. സ്ത്രീകളുടെ സാക്ഷ്യം യഹൂദപാരമ്പര്യങ്ങളിൽ വിലയില്ലാത്തതായതിനാൽ, പുരുഷന്മാർതന്നെ ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടുന്ന അനുഭവമാണ് 24:13–35 വരെയുള്ള പാഠഭാഗത്തുള്ളത്.

## സാരം

യേശുവിന്റെ അന്ത്യദിനങ്ങളും മരണവും എല്ലാം യേശുശിഷ്യർക്ക് വല്ലാത്ത ആത്മസംഘർഷം ഉളവാക്കി. യേശുവിനെപ്പറ്റിയുള്ള സാധാരണക്കാരുടെയും ശിഷ്യന്മാരുടെയും കാഴ്ചപ്പാടുകൾ പ്രകടമാകുന്നുണ്ട് ചർച്ചകളിൽ. യേശുവിന്റെ മരണത്തിന് കാരണക്കാർ പുരോഹിതനേതൃത്വവും രാഷ്ട്രീയനേതൃത്വവും ആണെന്ന് സമർത്ഥിക്കപ്പെടുകയും യേശുവിന്റെ സാന്നിധ്യം അവരുടെ ഹൃദയങ്ങളെ എത്രത്തോളം ഉദ്ദീപിപ്പിക്കുന്നു എന്നും നാം ഈ വചനഭാഗത്ത് കാണുന്നു.

## സന്ദേശം

1. ലൂക്കായുടെ രചനയുടെ ഏറ്റവും മനോഹരമായതും ഒരേസമയം ഉദ്വേഗവും വൈരുധ്യവും വൈകാരികതയിലൂന്നിയ മുഹൂർത്തങ്ങളുംകൊണ്ട് സമ്പന്നമാണ് എമ്മാവൂസ് അനുഭവവിവരണം. ലൂക്കായിൽ മാത്രം കാണുന്ന ഉത്ഥാന സാക്ഷ്യവിവരണമാണിത്. മർക്കോസിൽ ഇതിനെക്കുറിച്ച് ഒരു സൂചനയുണ്ട് (മർക്കോ 16:12). ജറുസലെമിന്റെ പ്രാന്തപ്രദേശം. അറുപത് സ്താദിയോൺ എന്നത് ഏക

ദേശം ഏഴുമൈൽ ആണ്. ജനനത്തിലും ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും നിരവധി ചോദ്യങ്ങൾ ബാക്കിവച്ച ആളാണ് യേശു. ബാലനായ യേശുവിന്റെ വാക്കുകൾ മനസ്സിലാക്കാൻ അവന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല (2:50). ശിഷ്യന്മാർക്ക് അവന്റെ പഠനങ്ങളുടെ പൊരുൾ ഉൾക്കൊള്ളാനായില്ല (9:45). ഫരിസേയർക്കും നിയമജ്ഞർക്കും അവന്റെ വാക്കുകളും നിലപാടുകളും പ്രവർത്തികളും ആശയക്കുഴപ്പം സൃഷ്ടിച്ചു. യേശു എന്നും ഇന്നും ഒരു സമസ്യയാണ്. അതുകൊണ്ട് യേശുവിനെ പൂർണ്ണമായും മനസ്സിലാക്കാമെന്ന് ആരും വ്യാമോഹിക്കണ്ട. അവൻ തരുന്ന ഉൾക്കാഴ്ചകളും ആത്മീയാനുഭവങ്ങളും മാത്രമാണ് നമുക്ക് വെളിച്ചമാകുന്നത്.

2. ലൂക്കായുടെ സുവിശേഷം ഒരു യാത്രയുടെ ഘടനയിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു യാത്രാനുഭവംതന്നെയാണ് എമ്മാവൂസിലും നടക്കുന്നത്. മനുഷ്യജീവിതവും ഒരു യാത്രയാണല്ലോ. ഈ യാത്രയിൽ മനുഷ്യൻ തനിച്ചല്ല എന്ന് ഒരു ഓർമ്മപ്പെടുത്തലുണ്ടിവിടെ. പറുദീസയിൽ മനുഷ്യനോടൊപ്പം ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം നാം കാണുന്നുണ്ട് (ഉത്പ 3:8). എമ്മാവൂസ് ശിഷ്യന്മാരോടൊപ്പം യേശുവും ചേർന്ന് അവരുടെ കഥകളും നൊമ്പരങ്ങളും ആകുലതകളും മുഴുവനായും തന്നെ യേശു ശ്രദ്ധാപൂർവ്വം, ക്ഷമാപൂർവ്വം കേട്ടു. ഇടക്ക് ഇടപെടലോ, തിരുത്തലുകളോ ഒന്നും നടത്തുന്നില്ല. ഇന്നും മനുഷ്യനെ അവ ന്റെ ജീവിതയാത്രയിൽ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചുകൊണ്ടും ശ്രദ്ധിച്ചുകൊണ്ടും ദൈവം കൂടെയുണ്ട്. കൊടുങ്കാറ്റിലുലഞ്ഞ വള്ളത്തിൽ മനുഷ്യന്റെ പരിശ്രമങ്ങളെല്ലാം തീർന്നപ്പോഴാണ് യേശു ഉണർന്ന് ഇടപെടുന്നത് (8:22-25). ഇന്നും നമ്മുടെകൂടെ അജ്ഞാതനായി ത മ്പുരാൻ ഉണ്ട് എന്ന് വിശ്വസിക്കാൻ കഴിയുന്നിടത്താണ് നമ്മുടെ രക്ഷയുടെ വഴി തുറക്കുന്നത്.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## ക്രൂശിതനോടൊപ്പം കുർബാനയാകാം

"അവൻ അവരോട് ചോദിച്ചു: എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്? അവർ മ്ലാനവദനരായി നിന്നു" (ലൂക്കാ 24:17). മൂന്ന് വർഷം കൂടെനടക്കുകയും കൂടെനടത്തുകയും ചെയ്തപ്പോൾ അവൻ പലയാവർത്തി തന്റെ ശിഷ്യന്മാരോട് പറഞ്ഞു: "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ എല്ലാം ഉപേക്ഷിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ." ക്രൂശിക്കപ്പെടാൻപോകുന്ന ദൈവപുത്രനായ യേശുവിന്റെ ഈ വാക്കുകളുടെ ആഴമോ പരപ്പോ ഗ്രഹിക്കാൻ കൂടെനടന്ന ശിഷ്യന്മാർക്കായില്ല. മറിച്ച് അപ്പവുംതിന്ന് അത്ഭുതങ്ങളുംകണ്ട് ആഘോഷിച്ചുതീർത്ത മൂന്ന് വർഷക്കാലം. തങ്ങൾക്ക് ശിഷ്യന്മാരാകാൻ ആയില്ല എന്നു മാത്രമല്ല തങ്ങളുടെ ഗുരുവിനെ ഒറ്റിക്കൊടുക്കാതിരിക്കാനോ ഉപേക്ഷിക്കാതിരിക്കാനോ ആയില്ല എന്ന ചിന്തയിലാണ് എമ്മാവൂസിലേക്കുള്ള ശിഷ്യന്മാരുടെ യാത്ര ആരംഭിക്കുന്നത്. ഇത് ആ രണ്ട് ശിഷ്യന്മാരുടെ യാത്രയല്ല. മറിച്ച്, ക്രിസ്തു ശിഷ്യന്മാരാകാൻ ആഗ്രഹിച്ചിറങ്ങി ഒന്നുമാവാതെ അപ്പവും തിന്ന്, അത്ഭുതങ്ങളും കണ്ട്, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ഒന്നുമാവാതെ, മനസ്സുമടുത്ത് ക്രിസ്തീയ ജീവിതത്തിൽനിന്ന് ഒളിച്ചോടുന്നവരുടെ യാത്രയാണിത്. മ്ലാനതയും നിരാശയുമാണ് ഇത്തരം ശിഷ്യന്മാരുടെ അവസ്ഥ. കാരണം അവർക്ക് പൂർണഹൃദയത്തോടും ആത്മാവോടും ശക്തിയോടുംകൂടെ യേശുവിനെ അറിയാനോ സ്നേഹിക്കാനോ ആയില്ല.

ക്രൂശിതനായ യേശു 24 മണിക്കൂറുകൊണ്ടുള്ള സഹനത്തിൽ നിന്നുണ്ടായതല്ല. അനേകം നൂറ്റാണ്ടുകളിൽ പലതലമുറകൾ പ്രാർത്ഥിച്ച് കാത്തിരുന്ന ബലികുഞ്ഞാടാണ് അവൻ. അവന്റെ അമ്മ ഒരുങ്ങിയതും അവൻ തന്നെയും 33 വർഷം ഒരുങ്ങിയതും ദൈവഹിതപ്രകാരം ഒരു പൂർണബലിയർപ്പിക്കുന്നതിനുവേണ്ടിയാണ്. ഈ സത്യം അറിയാത്തവർ, ഈ ബോധവും ബോധ്യവും ഇല്ലാത്തവർ അന്നും ഇന്നും യേശുവിന്റെ കൂടെ നടന്ന് അവനെ അവഹേളിക്കുകയും ഒറ്റിക്കൊടുക്കുകയും തള്ളിപറയുകയും ചെയ്യുന്നു. യേശു പറയുന്നു, "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതുകാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതുകൊണ്ടുമാണ്" (യോഹ 10:11-13). യേശുവിന്റെ കൂടെ നടക്കാനും അവൻ പറയുന്നത് ധ്യാനിക്കാനും ഏത് അപമാനത്തിലും രോഗത്തിന്റെ വേദനയിലും കുരിശിന്റെ ഏകാന്തതയിലും അവനെ

വിട്ടുമാറാതെ അവന്റെ മുഖം തുടച്ച്, അവന്റെ കുരിശെടുത്ത്, കുരിശിന്റെ വഴിയിലും കുരിശിന്റെ ചുവട്ടിലും പരിശുദ്ധ അമ്മയെപ്പോലെയും മഗ്ദലേന മറിയത്തെപ്പോലെയും ഉറച്ച് നില്ക്കുന്നവരാണ് നല്ല ഇടയന്മാരും നല്ല ശിഷ്യന്മാരും. ക്രൂശിതന്റെ കൂടെ നില്ക്കുക എന്നത് *വാട്സ് ആപ്പ് സ്റ്റാറ്റസ്* പോലെ എളുപ്പമല്ല. ഓൺലൈൻ സംസ്കാരത്തിൽ ലൈഫ് സ്റ്റൈലും ലൈഫ് സ്റ്റാറ്റസും ദിനംപ്രതി മാറ്റാം. എന്നാൽ ക്രിസ്തീയ സംസ്കാരത്തിൽ ദിനംപ്രതിയുള്ള ശൈലിമാറ്റം അന്തസ്സിലാത്ത രീതിയാണ്.

ക്രൂശിതന്റെകൂടെ നില്ക്കുന്നവന് കുർബ്ബാനയാകാതിരിക്കാനാവില്ല. "അവൻ അപ്പം എടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുതുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു" (ലൂക്കാ 24:30-31). അവനാകുന്ന അപ്പം അറിഞ്ഞ് സ്വീകരിച്ചാൽ നമ്മുടെ കാഴ്ചതെളിയും പിന്നെ ക്രൂശിതൻ അവിടുണ്ടാവില്ല അവൻ നമ്മളിലൂടെ ജീവിക്കും. ജീവിക്കുന്ന കുർബ്ബാനകളായി, അനുദിനം സഭയ്ക്കുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും മുറിക്കപ്പെടുന്ന കുർബ്ബാനകൾ. ഇങ്ങനെ ക്രിസ്തു ശിഷ്യരാകുന്ന കുർബ്ബാനകൾ നമ്മുടെ സമൂഹത്തിൽ കുറയുമ്പോൾ ജലപ്രളയത്തിന്റെ മുമ്പിലും കൊറോണ വൈറസിന്റെ മുമ്പിലും നാം പേടിച്ച് വിറയ്ക്കും. മഹാവ്യാധിയുടെ മുമ്പിൽ കുർബ്ബാനയെക്കാൾ പ്രാധാന്യം കൈകഴുകലിനാവും. ഓർക്കുക! ഒറ്റിക്കൊടുക്കുന്നവരെയും തള്ളിപ്പറയുന്നവരെയും ചേർത്തുനിർത്തുന്ന കരുണയുള്ള ആ സ്നേഹത്തിലാണ് നാം ജീവിക്കുന്നതെങ്കിൽ കടലിന്റെ മുമ്പിലും മരുഭൂമിയിലും അവൻ വഴികാട്ടും. നമുക്കും തിരിച്ച് പോകാം എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരെപ്പോലെ, കരുണ നിറഞ്ഞ നമ്മുടെ രക്ഷിതാവിന്റെ സ്നേഹത്തിലേക്ക്. അനേകം ആത്മാക്കൾ കാത്തിരിക്കുന്നു കുർബ്ബാനയായ ക്രൂശിതനെ സ്വീകരിക്കാൻ.

**ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ**

വചനബോധി
സീറോമലങ്കര

മെയ്
10

# ഉയിർപ്പിനുശേഷം 4–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 24:36–49

### സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിലെ യേശുവിന്റെ ഈലോകജീവിതത്തിന്റെ അവസാന സംഭവങ്ങളാണ് വചനഭാഗത്തുള്ളത്. സ്ത്രീകൾക്കും (24:1–10) പുരുഷന്മാരായ പത്രോസിനും (24:11–12) എമ്മാവൂസ് ശിഷ്യർക്കും (24:13–35) ഉത്ഥാനാനുഭവം നല്കിയതിനുശേഷം, അപ്പസ്തോലഗണത്തിന് ഒരുമിച്ച് യേശു പ്രത്യക്ഷനാകുന്നതാണ് വചനപശ്ചാത്തലം.

### സാരം

യേശുവിന്റെ പുനരുത്ഥാനം ആകസ്മിക സംഭവമല്ല, മറിച്ച് തിരുവചനങ്ങളുടെ പൂർത്തീകരണമാണെന്ന് യേശു അപ്പസ്തോലഗണത്തെ ബോധ്യപ്പെടുത്തുകയും അവ എല്ലാ ജനതകളോടും സാക്ഷ്യപ്പെടുത്താനുള്ള കടമയും വിവരിക്കുന്നതാണ് വചനഭാഗത്തെ പ്രധാനപ്രമേയം.

### സന്ദേശം

1. മാനവചരിത്രത്തിൽ മനുഷ്യാവതാരം ചെയ്ത യേശുതന്നെയാണ് കുരിശിൽ മരിച്ചതും ഉത്ഥിതനായതും എന്ന് സംശയത്തിനിടനല്കാത്തവിധം തെളിവുകൾ സഹിതം യേശു സ്വയം സാക്ഷ്യം നല്കുന്നു. സാക്ഷ്യങ്ങൾ പലഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. ശൂന്യമായ കല്ലറ; വിവിധപ്രത്യക്ഷപ്പെടലുകൾ കടന്ന് തന്റെ മുറിവുകളും ആണിപ്പാടുകളും കാണിച്ചുകൊടുക്കുക മാത്രമല്ല അവ

രുടെ ഒപ്പം ഭക്ഷിച്ചുകൊണ്ടുമാണ് തന്റെ പുനരുത്ഥാനത്തിന് യേശു ഉറപ്പുനല്കുന്നത്. വി. പൗലോസ് പറയുന്ന യാഥാർത്ഥ്യമിതാണ്. ക്രൈസ്തവവിശ്വാസത്തിന്റെ ആണിക്കല്ല് ക്രിസ്തുവിന്റെ പുനരുത്ഥാനമാണ് (1 കോറി 15:35-49). യേശുവിന്റെ മൂന്ന് പീഡാനുഭവപ്രവചനങ്ങളിലും പുനരുത്ഥാനത്തെക്കുറിച്ച് പരാമർശമുണ്ട്. എന്നാൽ അതിന്റെയൊന്നും പൊരുൾ മനസ്സിലാക്കാൻ ശിഷ്യർക്ക് കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് യേശുവിനെയും യേശുവിന്റെ പഠനങ്ങളെയും വിശ്വസിക്കണമെങ്കിൽ നാം വിശുദ്ധഗ്രന്ഥത്തെ വിശ്വസിക്കണം. അതാണ് ഉത്ഥാനസത്യത്തിലേക്കുള്ള താക്കോൽ.

2. യേശുവിന്റെ പുനരുത്ഥാനാനന്തര ഭാവങ്ങൾ ഭിന്നമാണ്. ശൂന്യമായ കല്ലറ - ജീവിതത്തിന്റെ അർത്ഥമില്ലായ്മയിൽ ഒന്നും പ്രതീക്ഷിക്കാനില്ലാത്ത മനുഷ്യനെ സൂചിപ്പിക്കുന്നു. യേശുവിന്റെ 'മറിയം' എന്ന വിളിയിലൂടെയാണ് മഗ്ദലേനമറിയം യേശുവിനെ തിരിച്ചറിയുന്നത്. നമ്മെ സ്നേഹത്തോടെ വിളിക്കുന്നവരിലൂടെ, അവരുടെ പ്രോത്സാഹനപരമായ വാക്കുകളിലൂടെ പ്രത്യാശ നല്കുന്നതിന്റെ സൂചനയാണ്. തിരിച്ചറിയാൻ പാടില്ലാത്ത അപരിചിതൻ കൂട്ടുയാത്രക്കാരനായതിലൂടെ എമ്മാവൂസ് ശിഷ്യർ യേശുവിനെ തിരിച്ചറിയുന്നു. നിനച്ചിരിക്കാത്ത നേരത്തും രീതിയിലും നമ്മുടെ ജീവിതസമസ്യകളുടെ കെട്ടഴിക്കാൻ ഒരു അപരിചിതൻ നമുക്കും ഉണ്ടാകും. അവസാനം ആണിപ്പാടുകളും മുറിവുമേറ്റ് അവശനായി തമസ്കരിക്കപ്പെട്ട് യേശു മുമ്പിലെത്തുന്നു. ഇങ്ങനെ 'ഈ എളിയവരിൽ' യേശുവിനെ തിരിച്ചറിയാനുള്ള ക്ഷണമാണ് യേശു നമുക്ക് നല്കുന്നത്.

3. ഉത്ഥിതനായ യേശുവിന്റെ ഇഹലോകത്തിലെ അവസാന വാക്കുകൾ വിലപ്പെട്ടതാണ്; തന്റെ ദൗത്യത്തിന്റെ കാതൽ വെളിവാക്കുന്നതാണ്. തന്റെ ജനന, ജീവിത, പീഡാനുഭവ, മരണ, ഉത്ഥാന സംഭവങ്ങളെല്ലാം മനുഷ്യന്റെ പാപമോചനത്തിനുള്ള വാതിലുകളാണ്. തന്റെ മരണം സകല മനുഷ്യരുടെയും രക്ഷക്കുള്ളതാണ് - പാപത്തിൽ നിന്നുള്ള രക്ഷ. തന്റെ മരണത്തിന് കാരണവും ഇടവുമായ ജറുസലെമിൽതന്നെയാണ് ആ രക്ഷയുടെ സന്ദേശം പ്രഘോഷിക്കാൻ ആരംഭിക്കേണ്ടത്. കുരിശിൽ കിടന്നുകൊണ്ട് പിതാവേ, ഇവരോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ച അതേ പാപമോചന

ത്തിന്റെ സദ്വാർത്തയാണ് ജറുസലെംമുതൽ എല്ലാം മനുഷ്യരിലേക്കും എത്തേണ്ടത്. പാപമോചനത്തിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് വന്നവരാണ് പത്രോസും കൂട്ടരും. അതുകൊണ്ട് ഇ ന്നും പശ്ചാത്താപത്തിന്റെയും രക്ഷയുടെയും ആത്മീയാനുഭവങ്ങൾക്ക് പാത്രമായവർക്കാണ് യേശു അനുഭവത്തെ സാക്ഷ്യപ്പെടുത്താൻ കഴിയുന്നത്. നമ്മുടെ ഏത് പാപാവസ്ഥയിലുംനിന്ന് രക്ഷപെടുത്താൻ യേശുവിന്റെ ജീവിതം കാരണമായിട്ടുണ്ട് എന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ശുഭപ്രതീക്ഷ.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## നിങ്ങൾക്ക് സമാധാനം

ശിഷ്യഗണത്തിന് യേശു പ്രത്യക്ഷനാകുന്നത് പല സന്ദർഭങ്ങളിലാണെന്ന് നാം കാണുന്നുണ്ട്.

ആദ്യം മഗ്ദലേന മറിയത്തിന് പ്രത്യക്ഷനായിക്കൊണ്ട് താൻ ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത നല്കുന്നു. തുടർന്നാണ് തോമാ ശ്ലീഹായുടെ വിശ്വാസം ഉറപ്പിക്കാനും എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്കും മീൻ പിടിക്കാൻ വീണ്ടും പോയ ശിഷ്യർക്കും അടുത്ത്. ഒടുവിൽ 11 പേർ ഭക്ഷണത്തിനിരിക്കുമ്പോൾ അവർക്കിടയിലും പ്രത്യക്ഷനാകുന്നത്.

ഇപ്രകാരം പലപ്രാവശ്യം യേശുവിന്റെ പ്രത്യക്ഷപ്പെടൽ നമുക്ക് കണ്ടെത്താനാവും. എന്നാൽ ഇവിടെ നാം കാണുന്നത് 'നിങ്ങൾക്ക് സമാധാനം' എന്നുപറഞ്ഞുകൊണ്ട് അവരുടെ മധ്യേ പ്രത്യക്ഷനാകുന്നതാണ്. തന്റെ കൈകളും കാലുകളും കാണിച്ചുകൊടുത്തുകൊണ്ട് താൻ ഭൂതമല്ല എന്നു പറയുന്നു. സ്പർശിക്കാനുള്ള അവസരം

നല്കുന്നു. അവരെ വിശ്വസിപ്പിക്കാൻ അവർ പാകം ചെയ്ത ഒരു കഷണം വറുത്തമീൻ എടുത്തുഭക്ഷിക്കുന്നു.

എല്ലാറ്റിന്റെയും പൂർത്തീകരണം ആണ് താനെന്നസത്യം അവർക്ക് നല്കുന്നു. ഇപ്രകാരം തന്റെ ശിഷ്യന്മാരെ ഒരു വത്സലപിതാവ് എന്നപോലെ കാര്യങ്ങൾ ഗ്രഹിപ്പിക്കുന്നു. അവസാനം പറയുന്നു: “ഉന്നതത്തിൽനിന്ന് ശക്തിധരിക്കുന്നതുവരെ നിങ്ങൾ നഗരത്തിൽതന്നെ വസിക്കുവിൻ.” ഇതിനുശേഷം യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നു എന്നാണ് നാം കാണുന്നത്.

ഉന്നതത്തിൽനിന്ന് ശക്തിയിറങ്ങുന്നതുവരെ പട്ടണം വിട്ട് നമുക്ക് പുറത്ത് പോകാതിരിക്കാം. ഈ ക്വാറന്റെൻ കാലത്ത് നമുക്ക് പരി. അമ്മയും ശിഷ്യന്മാരും മാളികയിലിരുന്നു പ്രാർത്ഥിച്ചു ശക്തിസംഭരിച്ച അനുഭവത്തിലേക്ക് കടന്നുവരാം.

ഭൂതത്തെയല്ല ദൈവത്തെയാണ് നാം കാണുന്നത് എന്ന വലിയ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് യേശു അവരെ കൂട്ടിക്കൊണ്ടുപോകുന്നു. യേശുവിനെ മനസ്സിലാക്കാൻ ഇന്ന് നാമും പാടുപെടുന്നു. യഥാർത്ഥവിശ്വാസത്തിന്റെ അനുഭവങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവനെ മനസ്സിലാക്കാൻ നാമും തയ്യാറാകണം.

ഈശോ ശിഷ്യഗണത്തിനു പ്രത്യക്ഷനായതുപോലെ ഈ ക്വാറന്റെൻകാലത്തിൽ നമുക്കും പ്രത്യക്ഷനാകാനും അവിടുത്തെ രാജ്യത്തിന്റെ മഹിമ വെളിപ്പെട്ടുകിട്ടാനും നാം തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ആ പ്രാർത്ഥന നമുക്കുതുടരാം. അങ്ങനെ ഈശോയെ ആഴമായി നമുക്ക് അനുഭവിക്കാം.

**ഫാ. ലിബിൻ വർഗീസ് oic**

വചനബോധി
സീറോമലങ്കര

മെയ്
17

# ഉയിർപ്പിനുശേഷം 5 – ാം ഞായർ

# ഭാഷ്യം

### യോഹ 16:16-24

## സന്ദർഭം

ശിഷ്യർ ലോകത്തിൽ അനിവാര്യമായി നേരിടേണ്ടി വരുന്ന വെറുപ്പ്, പീഡനം, മരണം എന്നിവ വ്യക്തമാക്കിയതിനുശേഷം (യോഹ 15:18–16:4) യേശു അവർക്കു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെ യ്യുന്നു (യോഹ 16;5–15). തുടർന്ന് അവരുടെ ദുഃഖം സന്തോഷമായി മാറും എന്ന് യേശു അവരെ പ്രബോധിപ്പിക്കുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം.

## സാരം

ഈ സുവിശേഷ ഭാഗത്തിന്റെ കേന്ദ്ര ആശയം ഏഴു പ്രാവശ്യം ആവർത്തിക്കുന്ന അല്പസമയം (mikron) എന്ന പദത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ശിഷ്യന്മാർക്കു യേശുവിനെ കാണാൻ കഴിയാത്ത അല്പസമയം അവിടുത്തെ മരണത്തിനും ഉത്ഥാനത്തിനും ഇടയിലുള്ള സമയമാണ്. ഇന്നത്തെ ക്രൈസ്തവസമൂഹത്തിനു അത് കരച്ചിലിനും വിലാപത്തിനും കാരണമായ സഹനത്തിന്റെ സമയമാണ്. ഈ അല്പസമയത്തിന്റെ പ്രത്യേകത അത് പ്രസവവേദനപോലെ കടന്നു പോകുന്നതും ആർക്കും ഒരിക്കലും എടുത്തു കളയാൻ സാധിക്കാത്ത സന്തോഷത്തിലേക്കു നയിക്കുന്നതുമാണ് എന്നതാണ്. അപ്പോൾ യേശു നമ്മളെ കാണും; ഒന്നും ചോദിക്കേണ്ടിവരികയില്ലാത്ത നിത്യമായ തൃപ്തി നാമനുഭവിക്കുകയും ചെയ്യും.

## സന്ദേശം

ഈ ലോകജീവിതവും അതിലെ സന്തോഷ ദുഖങ്ങളും അല്പ സമയത്തേക്കു മാത്രമുള്ളതാണ്. വീണ്ടും നമ്മെ കാണാൻ വരുന്ന യേശുവിനായുള്ള കാത്തിരിപ്പായി അതിനെ മാറ്റണമെന്നാണ് സുവിശേഷകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. അപ്പോൾ യേശുവിന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം ലഭിക്കുകയും നമ്മുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

# പ്രസംഗം

## പുതുജീവനിലേക്ക്

സങ്കടങ്ങൾക്കപ്പുറം സന്തോഷവും കണ്ണീരിനപ്പുറം പുഞ്ചിരിയും വേദനയ്ക്കപ്പുറം ആനന്ദവും കുരിശുമരണത്തിനപ്പുറം ജീവന്റെ മഹത്വവും ദുഃഖവെള്ളിയാഴ്ചക്കപ്പുറം ഉയിർപ്പ് ഞായറും ഉണ്ട് എന്നുള്ള പ്രത്യാശയുടെ കിരണങ്ങൾ പങ്കുവയ്ക്കുന്ന വചനങ്ങളാണ് ക്രിസ്തുവിന്റെ വിടവാങ്ങൽ സന്ദേശത്തിന്റെ ഹൃദയഭാഗം. ക്രിസ്തുവിന്റെ പീഡാസഹനമരണത്തിലൂടെ ആസന്നമാകുന്ന വേർപാടാണ് സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം. ആനന്ദത്തിലേക്ക് വഴിമാറുന്ന ദുഃഖത്തിന്റെ നശ്വരതയെപ്പറ്റിയാണ് ക്രിസ്തു തന്റെ ശിഷ്യഗണത്തോട് വാചാലനാകുന്നത്. ഗുരുവിന്റെ വാക്കുകൾ ഉൾക്കൊള്ളാൻ ശിഷ്യർക്ക് സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഇവിടെയും ആവർത്തിക്കപ്പെടുന്നു.

ക്രിസ്തു പറയുന്നു: “അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും” (യോഹ 16:16). നൈമിഷിക ദുഃഖത്തിനപ്പുറം വരാനിരിക്കുന്ന സന്തോഷത്തിന്റെ അനിവാര്യത നിറനിലാവിന്റെ വെളിച്ചത്തിൽ ക്രിസ്തു അവതരിപ്പിക്കുന്നു. തന്റെ വേർപാടിന്റെ വിനാഴികയിൽ ശിഷ്യർ കടന്നുപോകാൻ സാധ്യതയുള്ള ഒരു ശൂന്യതയെ മുന്നിൽകണ്ടാണ് “വീണ്ടും നിങ്ങൾ എന്നെ കാണും” എന്ന ആശ്വാസവചനം അവരെ പഠിപ്പിക്കുന്നത്. “അല്പസമയംകഴിഞ്ഞാൽ” എന്ന പദപ്രയോഗം യുഗാന്ത്യത്തെ സൂചിപ്പിക്കാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്നുണ്ട് (ഏശ 10:25, 26:20, 29:17). എന്നാൽ യോഹന്നാൻ സുവിശേഷകൻ യേശുവിന്റെ കുരിശുമരണത്തിലൂടെ സംജാതമാകുന്ന പുതുയുഗത്തിലേക്കുള്ള ദൂരത്തെയാണ് ഈ പദപ്രയോഗത്തിലൂടെ സൂചിപ്പിക്കുന്നത്. “അല്പസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല” എന്ന പരാമർശം ഏതാനും മണിക്കൂറിൽ നടക്കുന്ന യേശുവിന്റെ മരണത്തെയും “വീണ്ടും അല്പ സമയം

കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും" എന്ന പ്രസ്താവന ഉത്ഥാന മെന്ന സത്യത്തിലേക്കും വിരൽചൂണ്ടുന്നു.

കത്തിജ്വലിക്കുന്ന മെഴുകുതിരി സ്വയം ഉരുകി പ്രകാശം പരത്തുന്നപോലെ, ഗോതമ്പുമണി അഴിഞ്ഞ് പുതുജീവൻ മുളയെടുക്കുന്നതുപോലെ, മാതാപിതാക്കളുടെ അധ്വാനവും കണ്ണീരും മക്കൾക്ക് ഭാവിസുരക്ഷിതത്വം നല്കുന്നതുപോലെ ദുഃഖം എന്നത് വരുവരാനിരിക്കുന്ന ആനന്ദത്തിന്റെ മുന്നോടിയാണെന്ന് സുവിശേഷകൻ പങ്കുവയ്ക്കുന്നു. ഇല്ലായ്മയിൽ നിന്നാണ് ചിലതൊക്കെ രൂപപ്പെടുന്നത്.

ക്രിസ്തു തന്റെ വേർപാടിന്റെ നാഴികയെ ഉപമിക്കുന്നത് സ്ത്രീയുടെ പ്രസവവേദനയോടാണ്. പ്രസവ വേദനയനുഭവിച്ച് കുഞ്ഞിന് ജന്മംനല്കുന്ന സ്ത്രീയ്ക്ക് കുഞ്ഞിനെ കാണുമ്പോഴുണ്ടാകുന്ന ആനന്ദം അനിർവചനീയമാണല്ലോ. മാതൃത്വത്തിലേക്കുള്ള ദൂരം അവൾക്ക് സമ്മാനിക്കുന്ന വേദനയെക്കാൾ എത്രയോ ഉപരിയാണ് ആ ദൂരം അവസാനിക്കുന്ന നിമിഷത്തിൽ അവൾക്ക് ലഭ്യമാകുന്ന സന്തോഷം. ക്രിസ്തുശിഷ്യർക്ക് ഗുരുവിന്റെ വേർപാട് ഈറ്റുനോവിന്റെ അനുഭവത്തിന് തുല്യമാണ്. മരണത്തിലൂടെയുളവാകുന്ന ഗുരുവിന്റെ വേർപാട് ഒരായുഷ്ക്കാലം മുഴുവൻ അവന്റെ തണൽചേർന്നു നടന്ന ശിഷ്യസമൂഹത്തെ നിരാശയിലേക്കും ദുഃഖത്തിലേക്കും തള്ളിവിടും. എന്നാൽ 'അല്പസമയ'ത്തെ ഇടവേളയ്ക്കുശേഷം, മരണത്തിൽ നിന്ന് ഉത്ഥാനത്തിലേക്കുള്ള ദൂരം നല്കുന്ന വേദനയിൽനിന്ന് അവർ കരകയറും. ഉത്ഥിതൻ ഇനിമുതൽ തങ്ങളോടൊത്ത് എന്നുമുണ്ടാകും എന്ന ബോധ്യം അവരിൽ സന്തോഷവും ആനന്ദവും ഉളവാക്കും.

തങ്ങൾ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നവർ തൊട്ടടുത്ത നിമിഷം തങ്ങളോടൊപ്പമില്ല എന്ന തിരിച്ചറിവ് ഏത് മനുഷ്യരിലും സൃഷ്ടിക്കുന്ന ശൂന്യത വളരെവലുതാണ്. ദൈവംപോലും തന്റെ ഒപ്പമില്ല എന്ന ചിന്ത ചില വേളകളിൽ അവനെ നിരാശയുടെ പടുകുഴിയിലേക്കെത്തിക്കും. എന്നാൽ എല്ലാ വേദനകൾക്കും ദുഃഖങ്ങൾക്കും കണ്ണീരിനും അറുതിവരുന്ന ദിനം ദൈവം തന്റെ ജീവിത

ത്തിൽ എന്നേക്കുമായി ചേർന്നുനില്ക്കുന്നു എന്ന സത്യം അവൻ/ അവൾ ഉൾക്കൊള്ളുന്ന നിമിഷമാണ് ഈ ലോകത്തിന്റെ ലൗകിക സുഖങ്ങൾക്കും സന്തോഷങ്ങൾക്കുമൊക്കെ എത്രയോ ഉപരിയാണ് ദൈവം നല്കുന്ന ആനന്ദം എന്ന് തിരിച്ചറിയാൻ ശിഷ്യർക്ക് സാധിച്ചത് ക്രിസ്തുവിന്റെ ഉത്ഥാനത്തിനു ശേഷമാണ്. ആ സ്നേഹത്തിന്റെ തീക്ഷ്ണതയിൽ ജ്വലിക്കുന്ന അ നുഭവമായിരുന്നു പിന്നീടുള്ള അവരുടെ ജീവിതം. തങ്ങളുടെ ഗുരുവിനുവേണ്ടിയുള്ള മരണംപോലും അവർക്ക് ആനന്ദം പകരുന്ന അനുഭവമായിമാറി. ഗുരുവിന്റെ മരണത്തോട് താദാത്മ്യപ്പെടാൻ അവർ ആഗ്രഹിച്ചു.

ദൈവത്തോട് ചേർന്നുനില്ക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ ദൈവം നിക്ഷേപിക്കുന്ന അനശ്വരമായ ആനന്ദത്തെപ്പറ്റിയാണ് ക്രിസ്തു തന്റെ ശിഷ്യരോട് പറയുന്നത്: "നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല" (യോഹ 16:22). ലോകത്തിന്റെ അസ്വസ്ഥതകൾക്കുള്ള ഔഷധം ദൈവംതന്നെയാണ്. കുടുംബത്തിൽ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളുടെ വിള്ളലുകൾക്ക് കാരണം ദൈവസാന്നിധ്യത്തിൽനിന്നുള്ള അകൽച്ചയാണ്. അനുഗ്രഹത്തിന്റെ കൊടുമുടിയിൽനിന്ന് ദൈവം തങ്ങളെ കൈവിട്ടു എന്ന് തോന്നിപ്പിക്കുന്ന തിരസ്ക്കരണങ്ങൾ ദൈവത്തോട് കൂടുതൽ ചേർന്നുനില്ക്കാനുള്ള ക്ഷണമാണ്. യഥാർത്ഥ ആനന്ദത്തിന്റെ ഉറവിടം ദൈവം മാത്രമാണ് എന്ന പരമാർത്ഥം ഉൾക്കൊള്ളാം. ദൈവത്തിന്റെ കരസ്പർശമില്ലാത്തതൊക്കെയും അപൂർണ്ണമാണെന്നും ദൈവസാന്നിധ്യം എല്ലാ ശൂന്യതയേയും നിറവുള്ളതാക്കി മാറ്റുന്നു എന്നുമുള്ള ബോധ്യത്തിലേക്കും വളരാം.

**ഫാ. ഐസക് അനീഷ് oic**

വചനബോധി
സീറോമലങ്കര

മെയ്
24

# ഉയിർപ്പിനുശേഷം 6 – ാം ഞായർ

## ഭാഷ്യം

യോഹ 16:5-11

### സന്ദർഭം

യേശു തന്റെ അന്ത്യഅത്താഴ വേളയിൽ ശിഷ്യന്മാരോട് നടത്തുന്ന പ്രഭാഷണത്തിന്റെ ഭാഗമാണ് ഈ വചനഭാഗം. പിതാവ് മക്കൾക്ക് വിൽപത്രം നല്കുന്നതുപോലെ തന്റെ ശിഷ്യന്മാരെപ്പറ്റിയുള്ള അന്ത്യാഭിലാഷം അവരുടെ കടമകളും അവകാശങ്ങളും വിവരിച്ചുകൊണ്ട് യേശു ഇവിടെ വ്യക്തമാക്കുന്നു.

### സാരം

തന്റെ ദൗത്യം പൂർത്തിയാക്കി പിതാവിന്റെ പക്കലേക്കു മടങ്ങിപ്പോകേണ്ട വനാണ് താൻ എന്നുള്ള അവബോധം യോഹന്നാന്റെ സുവിശേഷത്തിൽ യേശു പലവട്ടം പ്രകടമാക്കുന്നുണ്ട് (യോഹ 7:33-36; 8:21; 13:33, 36). എന്നാൽ തന്റെ വിടവാങ്ങലിൽപോലും യേശു തന്റെ ശിഷ്യരോടുള്ള കരുതൽ നിറച്ചു വച്ചിരിക്കുന്നു. ഇനിമുതൽ അവരെ സത്യത്തിന്റെ പൂർണതയിലേക്ക് നയി ക്കാനിരിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിനെ അവിടുന്ന് അവർക്കു വാഗ്ദാനം ചെയ്യുന്നു. ആ പരിശുദ്ധാത്മാവിനെ അവർക്കു നൽകുകയും ചെയ്യുന്നു (യോഹ 20:22). അങ്ങനെ ലോകത്തിൽനിന്നുള്ള തന്റെ കടന്നു പോകൽ കൊടുക്കലിന്റെ ആഘോഷമാക്കി ഈശോ മാറ്റുന്നു.

### സന്ദേശം

കഴിഞ്ഞുപോയ പ്രളയകാലങ്ങൾ നാം ഈ ലോകത്തിൽനിന്നും കടന്നു പോകേണ്ടവരാണെന്നു നമ്മെ ഓർമ്മപ്പെടുത്തി. ഈ കോവിഡ്കാലവും ന മ്മെയും ലോകമെങ്ങുമുള്ള സകലരെയും പഠിപ്പിക്കുന്ന പാഠവും മറ്റൊ ന്നുമല്ല. അപരന്റെ നന്മയെയും ആരോഗ്യത്തെയും തന്റേതിനേക്കാൾ വിലമ തിച്ചുകൊണ്ടു ഈ ലോകത്തിൽനിന്നുള്ള കടന്നുപോക്ക് ആഘോഷമാക്കി മാറ്റാൻ ഓരോരുത്തർക്കും സാധിക്കട്ടെ.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

# പ്രസംഗം

## സഹായകനോടുചേർന്നുനില്ക്കുക

പിതാവായ ദൈവത്തിന്റെ സ്നേഹം, കരുണ എന്തെന്ന് ലോകത്തിന് വെളിപ്പെടുത്താനായി വന്ന യേശു തന്റെ പ്രവർത്തനവും ദൗത്യവും ആരംഭിക്കുന്നതും നിറവേറ്റുന്നതും പിതാവുമായുള്ള ഐക്യത്തിൽ പരിശുദ്ധാത്മാവിലൂടെയാണ്. ലൂക്കായുടെ സുവിശേഷത്തിൽ യേശു ദൗത്യം ആരംഭിക്കുന്നതുതന്നെ ഈ ആത്മാവിന്റെ നിറവിലാണ് (ലൂക്കാ 4:16).

ലോകത്തിൽ തന്റെ ദൗത്യം, തന്റെ വിളി തുടർന്നുകൊണ്ടുപോകാനായി ശിഷ്യന്മാരെ വിളിക്കുന്ന യേശു, സഭയ്ക്ക് ഈ വിളിയും ദൗത്യവും കൊടുക്കുകയാണ്. യേശുവിന്റെ വിളിതന്നെയാണ് ഇന്ന് സഭയ്ക്കുള്ളത്. ഓരോ ക്രിസ്തുശിഷ്യന്റെയും വിളിയും ദൗത്യവും യേശുവിന്റേതുതന്നെ. ഈ വിളിയുടെ പൂർത്തീകരണത്തിൽ, ദൗത്യനിർവ്വഹണത്തിൽ ഒരുവനെ സഹായിക്കുന്നത് യേശുതന്നെയാണ്; തന്റെ പരിശുദ്ധാത്മാവിലൂടെ.

ഇന്ന് യേശു പ്രവർത്തിക്കുന്നത് തന്റെ ആത്മാവിലൂടെയാണ്. ഈ ആത്മാവാണ് മനുഷ്യനെ നയിക്കുന്ന, പഠിപ്പിക്കുന്ന, വിശുദ്ധീകരിക്കുന്ന സത്യവും നീതിയും എന്ത് എന്ന് പഠിപ്പിക്കുന്നത്.

യേശുതന്നെയാണ് ഈ ആത്മാവിലൂടെ സഭയിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ നമുക്ക് പറയാൻസാധിക്കും: സഭയുടെ കാലം പരിശുദ്ധാത്മാവിന്റെ കാലം, Time of Holy Spirit ആണെന്ന്. യേശുവിന്റെ ഈ ആത്മാവ് സഭയിലും നാം ജീവിക്കുന്ന ഈ ലോകത്തിലും നിറയട്ടെ.

തുടർന്നുവരുന്ന വചനഭാഗങ്ങളിൽ യേശു തുടർന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി പറയുന്നു: സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും. സത്യത്തിനുവേണ്ടി ജീവിക്കാനും സത്യത്തിന്റെ പൂർണ്ണതയിലേക്ക് വളരാനും വിളിക്കപ്പെട്ടവരാണ് നാമെല്ലാവരും. അതിനായി നമ്മെ ഒരുക്കുന്നതും സഹായിക്കുന്നതും പരിശുദ്ധാത്മാവുതന്നെയാണ്. സത്യം തിരസ്ക്കരിക്കപ്പെടുന്ന, സ്വന്തം ലാഭത്തിനും നേട്ടത്തിനും വേണ്ടി സത്യത്തെ വളച്ചൊടിക്കുകയും അസത്യത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. യേശു പഠിപ്പിക്കുന്നതുപോലെ ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതായി ജീവിക്കാൻ കടപ്പെട്ടവരാണ് നമ്മൾ. ലോകാരൂപി നമ്മെ കീഴ്പ്പെടുത്താൻ ഇടയാകാതിരിക്കണമെങ്കിൽ സത്യാരൂപിയായ പരിശുദ്ധാത്മാവിനെ നമ്മിൽ ജീവിക്കാനും പ്രവർത്തിക്കാനും നമ്മൾ അനുവദിക്കണം. അപ്പോൾ നാം സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കപ്പെടും.

യേശു ഏറ്റവും വലിയ ഒരു സമ്മാനം തന്നിട്ടാണ് പിതാവിന്റെ പക്കലേക്കുപോയത്; പരിശുദ്ധാത്മാവിനെ. ഇത്രയുംകാലം തങ്ങളോടുകൂടെയുണ്ടായിരുന്ന യേശു (ഗുരു) തങ്ങളെ വിട്ടുപോകുകയാണ് എന്നുകേട്ടപ്പോൾ അതിൽ അതീവദുഃഖിതരായ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് എന്നും കൂടെയായിരിക്കാൻ ഒരു 'സഹായകനെ' തരും എന്ന് യേശു വാഗ്ദാനം ചെയ്യുകയാണ്. തന്റെ പീഡാനുഭവ-മരണ-ഉത്ഥാനങ്ങളിലൂടെ നമുക്കുനേടിത്തന്ന രക്ഷയുടെ ഫലങ്ങൾ ലോകാന്ത്യത്തോളം തുടരാൻ നമ്മുടെകൂടെ ആയിരിക്കുന്നത് ഈ 'സഹായകനാണ്.' അവൻ എപ്പോഴും നമ്മുടെ സഹായകനായിരിക്കുകയും ചെയ്യും. ആ നിത്യസഹായകനോട് ഹൃദയം കൊണ്ടും ജീവിതംകൊണ്ടും ചേർന്നുനില്ക്കാൻ എപ്പോഴും നമുക്കാവട്ടെ.

**ഫാ. പ്രസാദ് oic**

വചനബോധി
സീറോമലങ്കര

മെയ്
31

# പെന്തിക്കോസ്തി പെരുന്നാൾ

## ഭാഷ്യം

യോഹ 14:15-24

### സന്ദർഭം

അന്ത്യഅത്താഴവേളയാണ് സന്ദർഭം. യേശു തന്റെ ശിഷ്യന്മാർക്കും മറ്റു വിശ്വാസികൾക്കും പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു.

### സാരം

യേശുവിനെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യണമെന്ന് മുന്നറിയിപ്പുനല്കിയ യേശു വിശ്വാസിസമൂഹത്തെ ഇക്കാര്യത്തിൽ സഹായിക്കാൻ സഹായകനും സത്യാത്മാവുമായ പരിശുദ്ധാത്മാവിനെ അയക്കും.

### സന്ദേശം

1. ദൈവമനുഷ്യബന്ധത്തിന്റെ അടിസ്ഥാനം സ്രഷ്ടാവും സൃഷ്ടിയും എന്നതാണ്. സ്രഷ്ടാവ് എന്ന നിലയിൽ ദൈവം പിതാവും മനുഷ്യർ മക്കളുമാണ്. ഈ ബന്ധത്തെ വിശേഷിപ്പിക്കാൻ മറ്റു പല പ്രതീകങ്ങളും ഉപയോഗിക്കാറുണ്ട്- ഇടയനും ആടുകളും, മുന്തിരിവള്ളിയും ശാഖയും തുടങ്ങിയവ. ദൈവത്തിൽനിന്ന് ഉദ്ഭവിക്കുകയും ദൈവികജീവനിൽ പങ്കുപറ്റുകയും ചെയ്യുന്ന മനുഷ്യൻ എപ്പോഴും ദൈവത്തെനോക്കി ജീവിക്കണം. മനുഷ്യന്റെ ആത്മാവ് ദൈവത്തെക്കൂടാതെ അസ്വസ്ഥമാണ്. മനുഷ്യാത്മാവ് ദൈവാത്മാവിൽ പൂർണ്ണമായി ലയിച്ചുചേരുന്നിടത്തോളം അത് അങ്ങനെതന്നെയാണെന്ന് വിശുദ്ധ അഗസ്റ്റിൻ പഠിപ്പിക്കുന്നു.

2. ദൈവമനുഷ്യബന്ധത്തിന്റെ ബാഹ്യമായ അടയാളമാണ് ഉടമ്പടി. നോഹയുമായും (ഉത്പ 9:8-17) അബ്രാഹവുമായും (ഉത്പ 15:17) ഇസ്രായേൽ ജനവുമായുമെല്ലാം (പുറ 19:24) ദൈവം ഉടമ്പടി ചെയ്തു. ദാവീദുരാജാവുമായി മിശിഹായുടെ ജനനത്തെസംബ

ന്ധിച്ച് പ്രത്യേക ഉടമ്പടിയും ദൈവം സ്ഥാപിക്കുന്നുണ്ട് (2 സാമു 7; 1രാജ 8:17). സീനായ് ഉടമ്പടി ലംഘിക്കപ്പെട്ടപ്പോൾ ഇസ്രായേൽജനം നാശത്തിലേക്ക് നിപതിക്കുന്നുണ്ട്. ബാബിലോണിയൻ വിപ്രവാസ ത്തോടനുബന്ധിച്ച് പുതിയ ഉടമ്പടിയെപ്പറ്റി പ്രവാചകന്മാർ സംസാ രിക്കുന്നുണ്ട്. ദൈവികനിയമങ്ങൾ മനുഷ്യന്റെ ഉള്ളിൽ നിക്ഷേപി ക്കുകയും ഹൃദയത്തിൽ എഴുതുകയും വ്യാഖ്യാനിക്കാതെതന്നെ മന സ്സിലാക്കാനാവുന്നതുമായ ഒരു ഉടമ്പടിയായിരിക്കും പുതിയതെന്ന് ജറെമിയാപറയുന്നു (ജറെ 31:31-34). മുളപൊട്ടുംമുൻപേ അതിനെ ക്കുറിച്ച് അറിവുലഭിക്കുന്ന ദർശനമായാണ് ഏശയ്യാ അതിനെ കാണു ന്നത് (ഏശ 42:9). നിത്യമായതും അനുഗ്രഹദായകവുമായ ഉടമ്പടി എന്ന് എസെക്കിയേലും അതിനെ വിശേഷിപ്പിക്കുന്നു (എസെ 34:25). പ്രവാചകന്മാർ പ്രഘോഷിച്ചതും ദൈവജനം മുഴുവൻ ആകാംക്ഷ യോടെ കാത്തിരുന്നതുമായ പുതിയ ഉടമ്പടി സ്ഥാപിക്കുന്നത് യേശു ക്രിസ്തുവാണ്. ഉടമ്പടിയുടെ ഭാഗമായി അർപ്പിക്കുന്ന മൃഗബലിക്കു പകരം യേശു തന്റെ ശരീരവും രക്തവും ബലിയായി അർപ്പിച്ചു (ലൂക്കാ 22:20). പുതിയ ഉടമ്പടിയുടെ സ്ഥാപകനും മധ്യസ്ഥനും യേശുതന്നെയാണ് (ഹെബ്രാ 9:15).

3. ദൈവമനുഷ്യബന്ധത്തിൽ പ്രധാനം ദൈവത്തെ സ്നേഹി ക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുക എന്ന താണ്. സ്നേഹത്തിന്റെ അടയാളമായാണ് ഉടമ്പടി സ്ഥാപിച്ചത്. സ്നേഹത്തിന്റെ ഈ ഉടമ്പടി നിലനില്ക്കുന്നതിനാണ് കല്പനകൾ നല്കിയത്. പഴയനിയമത്തിൽ സീനായ് ഉടമ്പടിയിൽ ദൈവജനമായ ഇസ്രായേൽ നിലനില്ക്കാൻ ദൈവം പത്തുകല്പനകൾ നല്കി. പുതിയനിയമത്തിൽ 'ഉടമ്പടിയുടെ രക്തം' നമുക്ക് നല്കിക്കൊണ്ടും സ്നേഹത്തിന്റെയും പാദംകഴുകൽ ശുശ്രൂഷയുടെയും മാതൃകകാ ട്ടിക്കൊണ്ട് യേശു എന്നേക്കും നിലനില്ക്കാൻ ലോകത്തിന് മാതൃ കകാട്ടി.

4. ദൈവസ്നേഹത്തിൽ നിലനില്ക്കാൻ നമ്മളെ സഹായിക്കു ന്നതിനാണ് സ്നേഹത്തിന്റെ കല്പനപാലിക്കാൻ യേശു ആവശ്യ പ്പെട്ടത്. എന്നാൽ ഇത് എളുപ്പമല്ല. യേശു കാട്ടിത്തരുന്ന വഴിയാണ് നിത്യജീവനിലേക്കുള്ളതും അഭികാമ്യമായതും എന്ന് തിരിച്ചറിയാ മെങ്കിലും മനുഷ്യസ്വഭാവത്തിന്റെ ബലഹീനതകൾ അതിനു തട സ്സംനില്ക്കും. ഇക്കാര്യത്തിൽ വിശ്വാസിസമൂഹത്തെ സഹായിക്കാ

നാണ് സഹായകനും സത്യാത്മാവുമായ പരിശുദ്ധാത്മാവിനെ യേശു അയക്കുന്നത്. പരിശുദ്ധാത്മാവാണ് യേശുവിനെ നയിച്ചത്. ജോർദാൻ നദിയിലെ ജ്ഞാനസ്നാനാവസരത്തിൽ പ്രാവിന്റെ രൂപത്തിൽ യേശുവിലേക്ക് ഇറങ്ങിവന്ന പരിശുദ്ധാത്മാവ് പിശാചിനാൽ പരീക്ഷിക്കപ്പെടാൻ മരുഭൂമിയിലേക്ക് നയിക്കുകയും യേശുവിന്റെ പരസ്യജീവിതംകാലംമുഴുവൻ യേശുവിൽ നിറഞ്ഞുനില്ക്കുകയും ചെയ്തു. യേശു വാഗ്ദാനം ചെയ്ത ഈ പരിശുദ്ധാത്മാവാണ് പെന്തക്കോസ്തയിൽ ശിഷ്യരുടെമേലും വിശ്വാസിസമൂഹത്തിന്റെമേലും നിറഞ്ഞത്. ദൈവത്തിന്റെ ഈ പരിശുദ്ധാത്മാവുതന്നെയാണ് സഭയിൽ നിറഞ്ഞുനില്ക്കുന്നതും സഭയെ നയിക്കുന്നതും. ഈ ആത്മാവിനെ ജ്ഞാനസ്നാനത്തിലും സ്ഥൈര്യലേപനത്തിലും സ്വീകരിച്ച നമ്മൾ ആത്മാവുതരുന്ന പ്രേരണകൾക്കനുസരിച്ചു ജീവിക്കണം. സഹായകനും സത്യാത്മാവുമായ പരിശുദ്ധാത്മാവ് ദൈവംതരുന്ന വലിയ ദാനവും സമ്മാനവുമാണ്.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

---

# പ്രസംഗം

## മനുഷ്യാത്മാവിന്റെ പരിവർത്തനം

ശാസ്ത്രസാങ്കേതികരംഗത്ത് മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ അത്ഭുതാവഹംതന്നെ. ലോകത്തങ്ങോളമിങ്ങോളം ഉയർന്നുനില്ക്കുന്ന അംബരചുംബികളായ ഗോപുരങ്ങൾ അവൻ നേടിയെടുത്ത സാങ്കേതികവിദ്യകളുടെ അഭിമാനസ്മാരകസ്തംഭങ്ങളായി കരുതപ്പെടുന്നു. നമ്മുടെ നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കുമ്പോഴും ഇനിയും സാക്ഷാത്ക്കരിക്കപ്പെടാത്ത ഒരു ഗോപുരത്തിന്റെ നിർമ്മിതിയുടെ കഥ, ഉത്പത്തി പുസ്തകത്തിന്റെ 11-ാം അധ്യായത്തിൽ മിഴിവോടെ വിവരിക്കുന്നു - ബാബേൽഗോപുരം. അവർ പണിയാനാഗ്രഹിച്ച പട്ടണവും ഗോപുരവും മാനവ ഐക്യത്തിന്റെയും സാമൂഹിക ഒരുമയുടെയും സ്മാരകമായിരുന്നു. 'ശാരീരിക അകലം, സാമൂഹിക ഒരുമ' എന്നാണല്ലോ കോവിഡ്-19 നമുക്ക് നല്കിയ പാഠം. 'ശാരീരിക അടുപ്പം സാമൂഹിക ഒരുമ' എന്ന് അവർ തെറ്റുദ്ധരിച്ചുവശായി!

ലോകത്തിന്റെ ചിന്ത എന്നും അങ്ങനെയാണ്. അതിനെ മാറ്റിമറിക്കാൻ ലോകദുരന്തങ്ങൾ നമ്മെ വെല്ലുവിളിക്കുന്നു. ബാബേലിലെ ഗോപുരസ്മാരകം ചരിത്രത്തിൽ ഇന്നേവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പരസ്പരമാത്സര്യത്തിന്റെ അഭിമാനസ്തംഭങ്ങൾ ലോകത്ത് പലയിടത്തായി നൂറുകണക്കിന് ഉയരുന്നുണ്ട്; ഉയർന്നിട്ടുണ്ട്. അഹങ്കാരത്തിന്റെയും ദുരഭിമാനത്തിന്റെയും സ്മാരകങ്ങൾ തീർക്കാനേ ഇതുവരെ നാം പ്രാപ്തരായിട്ടുള്ളൂ.

ശാസ്ത്രപുരോഗതിയുടെ പിന്നിലെ ചേതോവികാരം പരസ്പരമാത്സര്യമായി മാറിയിട്ടുണ്ട്. ഒരുഭാഗത്ത് നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ, മറുഭാഗത്ത് അവയെല്ലാം ഞൊടിയിടയിൽ നിലംപരിശാക്കാനുള്ള സാങ്കേതിക നൂതനവിദ്യയ്ക്ക് മനുഷ്യമസ്തിഷ്കം രൂപം നല്കുന്നത് അതുകൊണ്ടല്ലേ? മരടിലെ ഫ്ളാറ്റ് ദുരന്തംതന്നെ അതിന്റെ വിശ്വോത്തര മാതൃകയാണ്. ലോകരാഷ്ട്രങ്ങളെല്ലാംതന്നെ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും വിനിയോഗിക്കുന്നത് യുദ്ധസന്നാഹങ്ങൾക്കുവേണ്ടിയാണ്; ശത്രുവിനെ കുളംതോണ്ടുന്നതിനുവേണ്ടിയാണ്. അതിരാവിലെ എഴുന്നേറ്റ് മലമുകളിലേക്ക് ഭാരമേറിയ കല്ല് ഉരുട്ടിക്കയറ്റി, തിരുവേഗപ്പുറത്തെ രായിരമലയുടെ നെറുകയിലെത്തിച്ച് വൈകുന്നേരത്തോടെ ഒരു ഇടവേളയ്ക്ക് കാത്തുനില്ക്കാതെ, അത് താഴേയ്ക്കുരുട്ടി അതിന്റെ വേഗപ്പാച്ചിൽ നോക്കി ഒരു കൊച്ചുകുട്ടിയെപ്പോലെ കൈകൊട്ടിച്ചിരിക്കുന്ന നാറാണത്ത് ഭ്രാന്തന്റെ മാതൃകയാണ്, സ്വന്തം അധ്വാനങ്ങളിൽ മനുഷ്യൻ പകർത്തിയിരിക്കുന്നത് എന്നുതോന്നിപ്പോകുന്നു. അഥവാ മനുഷ്യന്റെ ഈ ദൃശപ്രവർത്തനങ്ങളെ പ്രതീകവല്ക്കരിക്കുകയാണ് ആ ഭ്രാന്തദാർശനികൻ. മനുഷ്യന്റെ കെട്ടിപ്പൊക്കലുകളുടെ ക്ഷണഭംഗുരതയെ പരിഹസിക്കുകയാണ്.

**മലിനമാക്കപ്പെട്ട മനുഷ്യൻ:** ശുദ്ധമായ പ്രാണവായു ആവുന്നത്ര മലിനമാക്കിയതിനുശേഷം അത് ശുദ്ധീകരിച്ച് ശ്വസനത്തിനുപയുക്തമാക്കുന്നതെങ്ങനെയെന്ന് ആലോചിക്കുന്നവരായി നാം മാറിക്കഴിഞ്ഞു! അത് വിദേശത്തുനിന്നിറക്കുമതി ചെയ്ത് കുപ്പിയിൽ ഭദ്രമായി സൂക്ഷിച്ച് മലീമസമായ നഗരത്തിലെ കുപ്പത്തൊട്ടിക്കുസമീപമിരുന്നു ശ്വസിക്കാൻ വെമ്പുന്നവരും! ശുദ്ധജലത്തിന്റെ കഥയും

മറ്റൊന്നല്ല. മലിനമാക്കാവുന്നിടത്തോളം അത് മലിനമായിക്കഴിഞ്ഞു. ജലം ശുദ്ധീകരിച്ച് കുപ്പിയിലാക്കി വലിയ വിലയ്ക്ക് വില്ക്കുന്നു. വ്യാപാരം തകൃതിയായി നടക്കുന്നു. മാരകമായ വിഷം കലർത്തി ഭക്ഷ്യപദാർത്ഥങ്ങളെല്ലാം വളർത്തി, ആരോഗ്യകരമല്ലാത്ത ചേരുവകൾ ചേർത്ത് സ്വാദിഷ്ടമാക്കി ഭക്ഷിച്ചതിനുശേഷം വിദഗ്ധചികിത്സയ്ക്കായി ആശുപത്രികളിൽ അഭയംതേടുന്ന പടുവിഡ്ഡികളായി നാം മാറി. എന്നിട്ടോ? കൈയിലെ കാശും ഉള്ളിലെ ജീവനും തീരുമ്പോൾ കീടത്തെപ്പോലെ മണ്ണിലേക്ക് മടങ്ങുന്നു (സങ്കീ 90:3). പാപം നിമിത്തം മനുഷ്യനെ അങ്ങു ശിക്ഷിക്കുമ്പോൾ, അവനു പ്രിയങ്കരമായതിനെയെല്ലാം അവിടുന്നു കീടത്തെപ്പോലെ നശിപ്പിക്കുന്നു (സങ്കീ 39:11).

**മനുഷ്യനോടുകൂടെയായിരിക്കുന്ന സഹായകൻ:** മനുഷ്യന്റെ രോഗങ്ങൾക്കും ക്ലേശങ്ങൾക്കും ശത്രുതയ്ക്കും സമാധാനക്കേടിനും അഹന്തയ്ക്കും ആത്മീയമരണത്തിനുമെല്ലാം കാരണം അവനിലെ ദൈവാത്മാവ് നഷ്ടപ്പെട്ടതാണ്. സൃഷ്ടിയിൽ തന്റെ ജീവശ്വാസവും സാദൃശ്യവും നല്കപ്പെട്ടതിനെ അവൻ ആട്ടിയകറ്റി. നഷ്ടമായ തന്റെ ആത്മാവിനെ വീണ്ടും നല്കാനാണ് ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതും തന്റെ മാതൃകവഴി അവൻ ജീവിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിച്ചതും. പാഠം പകർന്നതുകൊണ്ടുമാത്രം മതിവരാതെ, വീണ്ടെടുപ്പിന്റെ വില നല്കാൻ കഷ്ടതകളിലൂടെയും മരണോത്ഥാനങ്ങളിലൂടെയുംകടന്ന് പിതൃസന്നിധിയിലേക്ക് മടങ്ങിപ്പോയതും. പോകുംമുമ്പ് എന്നും അവനോടൊപ്പമായിരിക്കാൻ ഒരു സഹായകനെ വാഗ്ദാനംചെയ്യാൻ മറന്നില്ല. അമ്പതാം ദിവസം സഹായകനെ സമൃദ്ധമായി നല്കി അവനെ അനുഗ്രഹിച്ചു (അപ്പ 2:3-4). അവരെല്ലാം പരിശുദ്ധാത്മാവിൽ നിറഞ്ഞു (2:33).

**ആരാണ് സഹായകൻ:** ആഫ്രിക്കയിൽ മിഷണറിയായി സേവനംചെയ്ത ഒരു വൈദികൻ പരിശുദ്ധാത്മാവിനെ വിശദീകരിക്കാൻ നന്നേ ക്ലേശിച്ചു. ആദിവാസി ഭാഷയിൽ അങ്ങനെ ഒരു സംജ്ഞയുണ്ടായിരുന്നില്ല. ഒരു ദിവസം കോടതിയിൽ പോകാനിടയായപ്പോൾ 'സേൻഗാ മുക്വാഷി' എന്ന വാക്ക് ആവർത്തിക്കുന്നതുകേട്ട അദ്ദേഹം ഗ്രാമമുഖ്യനോട് ആ വാക്കിന്റെ അർത്ഥം ചോദിച്ചു. ഗ്രാമത്തലവൻ പറഞ്ഞു: ഓരോ ഗ്രാമത്തിലെയും നീതി നിഷേധിക്കപ്പെട്ടവർക്കുവേണ്ടി വാദിക്കുന്ന വ്യക്തിയാണ് സേൻഗാ മുക്വാഷി. ആളുകൾ

ക്കെല്ലാം അയാൾ ആശ്വാസദായകനാണ്. അന്നുമുതൽ പരിശുദ്ധാത്മാവ് എന്നതിനുപകരം 'സേൻഗാ മുക്വാഷി' എന്ന് ആ മിഷണറി പ്രഭാഷണങ്ങളിൽ ഉപയോഗിച്ചു. അത്ഭുതമെന്നുപറയട്ടെ, വിശ്വാസികൾക്ക് പരിശുദ്ധാത്മാവിന്റെ പൊരുളറിയാനായത് സേൻ ഗാ മുക്വാഷി വന്നപ്പോഴാണ്! നമുക്ക് ക്രിസ്തുവിന്റെ ഭാഷ മനസ്സിലായിട്ടില്ലെന്നുണ്ടോ? പരിശുദ്ധാത്മാവിന്റെ ഭാഷ – മാലാഖമാരുടെ ഭാഷ, ദൈവികഭാഷ – അറിയാത്തതല്ലേ പ്രശ്നം?

**പരിശുദ്ധാത്മാവിന്റെ പ്രവർത്തനം:** ഏകതയും ഏകാന്തതയും ശാന്തതയും നഷ്ടപ്പെട്ട മനുഷ്യൻ തനിക്കുചുറ്റുമുള്ള ലോകത്തിൽ ഐക്യവും ഒരുമയും ഏകതാഭാവവും സൃഷ്ടിക്കാനുള്ള പാഴ്വേലയിലാണ്. ഇല്ലാത്തതുകൊടുക്കാനുള്ള വ്യർത്ഥമായ പരിശ്രമം. തന്റെ ഉള്ളിലും പുറത്തും ഐക്യവും സമാധാനവുമില്ലാത്തതാണല്ലോ യുദ്ധങ്ങൾക്കും അതിനെത്തുടർന്നുള്ള തകർച്ചകൾക്കും കാരണം.

ഈശോ തന്റെ ആത്മാവിനെ – പരിശുദ്ധാത്മാവിനെ നല്കിയത് ആന്തരികവും ബാഹ്യവുമായ സമാധാനം നമുക്ക് നൽകാനാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവം അവരുടെ വ്യത്യസ്തതകളിലല്ല ഐക്യത്തിലാണ് മഹത്വപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനോട് ഒട്ടിച്ചേർക്കപ്പെടാനാണ് നാം മാമ്മോദീസാ സ്വീകരിക്കുന്നത്. ക്രിസ്തു എന്ന തായ്ത്തടി പുറപ്പെടുവിക്കുന്ന ഫലം തന്നെയാകണം ഒട്ടിച്ചുചേർക്കപ്പെട്ട ശിഖരങ്ങളും പുറപ്പെടുവിക്കുന്നത്. ഒന്നായി, ഒരു മനസ്സായി, ഒരു ശരീരമായി ജീവിക്കുന്നതിനുവേണ്ടിയാണ് പുരുഷനും സ്ത്രീയും വിവാഹിതരാകുന്നത്. ദൈവപഥത്തിൽനിന്ന് ഒട്ടെങ്കിലും അകന്നുപോയ മനുഷ്യനെ രമ്യതപ്പെടുത്താനാണ് അനുരഞ്ജനകൂദാശ സ്വീകരിക്കുന്നത്. ഐക്യവും സ്നേഹവും സന്തോഷവും സമാധാനവും പരിശുദ്ധാത്മാവിലുള്ള ആനന്ദവും സംജാതമാക്കുന്ന സംവിധാനമാണ് സഭ. ഇന്ന് പെന്തിക്കൊസ്തിപ്പെരുന്നാൾകൂടിയാണ്. സഭ ഔദ്യോഗികമായി മുദ്രയിടപ്പെട്ട ദിവസം.

**ആത്മാവിനെ സമീപിക്കേണ്ടതെങ്ങനെ:** എന്നാൽ ഈ സംവി

ധാനംതന്നെ ഭിന്നാഭിപ്രായങ്ങളുടെ വിളനിലമായിത്തീരുന്നുണ്ട്. വ്യത്യസ്തതകൾ ഉണ്ടായിക്കൊള്ളട്ടെ. പക്ഷേ, നാം ഏറെ വിലമതിക്കുന്ന ഐക്യത്തിനും സ്നേഹകൂട്ടായ്മയ്ക്കും ഹാനികരമാകാൻ അവയെ അനുവദിച്ചുകൂടാ. കത്തോലിക്കാസഭയിലെ റീത്തുകളെ നിരീക്ഷിക്കുക. എത്രയോ വ്യത്യസ്തതകളും വൈജാത്യങ്ങളുമാണ് അവയ്ക്കുള്ളത്. എന്നാൽ അവതമ്മിൽ എന്തൊരൈക്യമാണ് നിലനില്ക്കുക. ഒന്നൊന്നിനെ കീഴ്പ്പെടുത്താനുള്ള ശ്രമമില്ല; പരസ്പരം മാനിക്കുന്നതിനുമടിയേതുമില്ല. ഒരേ ഞെട്ടിലെ വ്യത്യസ്തങ്ങളായ പുഷ്പങ്ങളെപ്പോലെ; ഒരു പുഷ്പഹാരത്തിലെ നിറച്ചാർത്തുപോലെ സുമനോഹരമായി നിലനില്ക്കുന്നു. കാരണം അവയുടെ അന്തർധാര ഒന്നാണ് – പരിശുദ്ധാത്മാവ്.

എന്നാൽ പ്രാദേശികകൂട്ടായ്മകളിൽ പലപ്പോഴും മറിച്ചാണ് സംഭവിക്കുന്നത്. ഓരോരുത്തരുടെയും വ്യത്യസ്താഭിപ്രായങ്ങളെ നടപ്പാക്കാൻ ഉറ്റുശ്രമിക്കുമ്പോൾ ഉണ്ടാകുന്ന അനിവാര്യമായ അപകടമാണത്. നമ്മെ നയിക്കുന്ന ആത്മാവിനെ വിവേചിച്ചറിയണം എന്നു വി.പൗലോസ് അപ്പസ്തോലൻ ആഹ്വാനം ചെയ്യുന്നു (1 കോറി 12:10). ദൈവാത്മാവ് മാത്രമാണ് നമ്മെ നയിക്കുന്നതെങ്കിൽ പരിണതി അതായിരിക്കുകയില്ല. പരിശുദ്ധാത്മാവ് വഴിനടത്തുമ്പോഴാണ് ഐക്യമുണ്ടാകുന്നത്; സമാധാനം സംജാതമാകുന്നത്. ദുരാത്മാവാകട്ടെ അഹന്തയുടെയും അനുസരണക്കേടിന്റെയും ആത്മാവാണ്. അവൻ ഭിന്നതയുടെ ആത്മാവാണ്.

**പരിശുദ്ധത്രിത്വം – ഒരുദിവ്യമന്ത്രം:** പരിശുദ്ധത്രിത്വം ഒരു ദിവ്യമന്ത്രമാണ്; ഐക്യത്തിന്റെയും സമാധാനത്തിന്റെയും ആശീർവ്വാദത്തിന്റെയും ദിവ്യമന്ത്രം. മലങ്കരസഭയിൽ 'ശുബഹോ ലാബോ ലബ്റോ വൽ റൂഹോ കാദീശോ' എന്നു സുറിയാനിഭാഷയിൽ ആശീർവ്വദിക്കാൻ പുരോഹിതർക്ക് മാത്രമാണവകാശം. ഹൈന്ദവാചാരപ്രകാരം മന്ത്രംജപിക്കാൻ ഋത്വിക്കിന് (പൂജയും യജ്ഞവും നടത്തുന്ന ആചാര്യൻ) മാത്രമാണധികാരം. ഫലസിദ്ധിയിലുള്ള വിശ്വാസത്തോടെയും ഉപാസനയോടെയും വേണം മന്ത്രം ജപിക്കാൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്നാണ് ഈ ജപത്തിന്റെ അർത്ഥം. മൂന്നാളത്തങ്ങളുള്ള ഏകനാണ് ദൈവം.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആവസിച്ചുകഴിഞ്ഞാൽ കോടാ

നുകോടിമനുഷ്യർ ഒരൊറ്റ 'ആദം' ആയിത്തീരും. അണിമയും ഗരിമയും ദൈവത്തിന് സ്വന്തമാണ്, ഇച്ഛാനുസാരമാണ്. ദശലക്ഷം ഇഷ്ടികകൊണ്ട് പണിത ഉത്തുംഗമായ ഫ്ളാറ്റാകട്ടെ, നൂറുനൂറായിരം ശിലകളിൽ പടുത്തുയർത്തപ്പെട്ട പിരമിഡുകളാകട്ടെ, ചൈനയിലേതുപോലുള്ള വൻമതിലാകട്ടെ ഒന്നായിത്തീരുന്നത് അവയെത്തമ്മിൽ ബന്ധിപ്പിക്കുന്ന സിമന്റിന്റെ സാന്നിധ്യസവിശേഷതകൊണ്ടാണ്. വിഭിന്ന വ്യക്തിത്വങ്ങളെത്തമ്മിൽ കോർത്തിണക്കുന്ന, ചേർത്തുനിർത്തുന്ന അഷ്ടഗന്ധമാണ് പരിശുദ്ധാത്മാവ്.

മഹാബലിയുടെ (മാവേലി) കാലത്തെ വർണ്ണിക്കുന്നതുപോലെ തന്നെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നകാലത്തെ ഇങ്ങനെ പരാവർത്തനം ചെയ്യാം.

'ആത്മാവു നമ്മിൽ വസിക്കുംകാലം

മാനവരെല്ലാരുമൊന്നായീടും;

കള്ളവുമില്ല ചതിയുമില്ല

കള്ളത്തരങ്ങൾ മറ്റൊന്നുമില്ല;

ആത്മാവിലെല്ലാരും വസിക്കുംകാലം

ഐക്യമാണെവിടെയുമൊന്നുപോലെ.'

അങ്ങയുടെ സന്നിധിയിൽനിന്ന് എന്നെ തള്ളിക്കളയരുതേ! അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നെടുത്തുകളയരുതേ! മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ (സങ്കീ 51:11-12) എന്ന് അവിരാമം നമുക്കാലപിക്കാം; പ്രാർത്ഥിക്കാം.

വേദപാരംഗതനായ വിശുദ്ധ അഗസ്തീനോസിനെ ശ്രദ്ധിക്കാം: "നീ ദൈവഭവനമായിരിക്കുക; എന്നാൽ ദൈവം നിന്റേതായിരിക്കും ദൈവം നിന്നിൽ വസിക്കുന്നതിന് അനുവദിച്ചാൽ നിനക്ക് ദൈവത്തിൽ വസിക്കാം."

**ഫാ. ഏബ്രഹാം നടുവിലേടം**

Date of Publication: 13 April 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 26)

# ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ മെയ്മാസ വചനബോധി തപാൽമാർഗം അയക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഇ-മെയിൽ, വാട്സ് ആപ്പ്, ഓൺലൈൻ എന്നീ മാർഗങ്ങളിലൂടെയാണ് വചനബോധി എത്തിക്കുന്നത്. സദയം സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*